LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. സുധാകരൻ : സർ, എം. വി. രാഘവനും അന്തരിച്ച കെ. കരുണാകരനും അവിടെ മത്സരിച്ചിട്ടില്ല. നോമിനേഷന്റെ പൊളിറ്റിക്കലായിട്ടുള്ള കാര്യം ഞാൻ ഇവിടെ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. എം. ഉമ്മർ : സർ, പരിയാരം മെഡിക്കൽ കോളേജിന്റെ വലിപ്പത്തിലും അതിന്റെ സേവന മേന്മയിലും ഫീസിന്റെ കാര്യത്തിലും ഒന്നും എനിക്ക് തർക്കമില്ല. അവിടെ പരീക്ഷകൾ കൃത്യമായി നടത്തിക്കൊണ്ടുപോകാൻ കഴിയുന്നില്ല. പരീക്ഷകൾ നടപ്പിലായതിന്റെ സിലബസ് പൂർത്തിയാക്കാൻ കഴിയാത്തതുകൊണ്ട് യഥാർത്ഥത്തിൽ പരിയാരം മെഡിക്കൽ കോളേജിലും ഡെന്റൽ കോളേജിലും മൂന്നാം വർഷം പഠിക്കുന്ന കുട്ടികൾ നാലാം വർഷത്തിലേക്ക് പ്രൊമോട്ട് ചെയ്തിട്ട് മൂന്ന് മാസം കഴിഞ്ഞു. ഇപ്പോഴും അവിടെ പരീക്ഷ നടക്കുന്നില്ല. യഥാർത്ഥത്തിൽ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പ്രധാനപ്പെട്ട ഒരു കോളേജ് എന്ന നിലയ്ക്ക് ഈ കോളേജിന്റെ ക്ലാസ് തീരാത്തതുകൊണ്ട് കണ്ണൂർ യൂണിവേഴ്സിറ്റി പരീക്ഷകൾ നീട്ടിക്കൊണ്ടുപോയി കുട്ടികളുടെ കോഴ്സുകൾ ലാഗ് ചെയ്ത് പോകുകയാണ് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിന് നടപടിയെടുക്കുമോ ?

ശ്രീ. ജി. സുധാകരൻ : സർ, ബഹുമാനപ്പെട്ട മെമ്പർ, ഇത് തിരിച്ചാണ് സംവേിക്കുന്നത്. യൂണിവേഴ്സിറ്റി പരീക്ഷ നടത്താൻ കോളേജിന്റെ യാതൊരു കാര്യവുമില്ല. യൂണിവേഴ്സിറ്റിയുടെ ഭാഗത്തു നിന്നും കോഴ്സ് ലാഗ് ചെയ്യുന്നതു കൊണ്ട് ഇത് സംഭവിക്കുന്നതാണ്. പരീക്ഷയ്ക്ക് നമ്മൾ റെഡിയായിരുന്നാലും അവരാണ് ഡേറ്റ് ഫിക്സ് ചെയ്യുന്നത്. നമ്മൾ പറയുന്നതിന്റെ അടിസ്ഥാനത്തിൽ പരീക്ഷ നടത്തുന്നതല്ല. ഇക്കാര്യത്തിൽ യാതൊരു വീഴ്ചയും ഇല്ലെന്നാണ് മനസ്സിലാക്കുന്നത്. യൂണിവേഴ്സിറ്റി കറക്ടായി നടത്തണം.

മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ നടപടി

3 (*273) ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നു. പ്രസ്തുത സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) അടുത്ത അദ്ധ്യയന വർഷം പുതുതായി റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) എത്ര സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്റും ആരംഭിച്ചിട്ടുണ്ട് ;

(ഡി) റസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികൾക്ക് സർക്കാർ വിവിധ ഇനങ്ങളിൽ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ് ; ഇവ വർദ്ധിപ്പിച്ചു നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഇ) സ്കൂളുകളിൽ ആനുകാലിക പ്രസിദ്ധീകരണങ്ങൾ, സ്പോർട്സ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള ധനസഹായം വർദ്ധിപ്പിച്ച് നൽകുമോ ?

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ

(എ) പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഒരു മോഡൽ റസിഡൻഷ്യൽ സ്പോർട്ട്സ് സ്കൂളും പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 18 മോഡൽ റസിഡൻഷ്യൽ/ആശ്രമം/ഏകലവ്യ സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ ലിസ്റ്റ് അനുബന്ധം-1 ആയി ചേർക്കുന്നു.*

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള 7 മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്വന്തം കെട്ടിടത്തിലും 3 എണ്ണം വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള സ്കൂളുകൾ സ്വന്തം കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. എല്ലാ സ്കൂളുകളിലും കൂടുതൽ സ്ഥല സൗകര്യം ഏർപ്പെടുത്തുന്നതിനും മറ്റ് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സ്വന്തമായി കെട്ടിടമില്ലാത്ത സ്കൂളുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. അവയുടെ വിശദ വിവരം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.*

സ്കൂളുകളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് എല്ലാ സ്കൂളുകളിലും കമ്പ്യൂട്ടർ ലാബുകൾ, സ്മാർട്ട് ക്ലാസ് റൂമുകൾ എന്നിവ ക്രമീകരിച്ചിട്ടുണ്ട്. 9 സ്കൂളുകളിൽ ഈ സർക്കാരിന്റെ കാലത്ത് ഹയർ സെക്കണ്ടറി കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. ഭരണപരമായ തീരുമാനങ്ങൾ യഥാസമയം കൈക്കൊള്ളുന്നതിന് എം.ആർ.എസ്. എഡ്യൂക്കേഷൻ സൊസൈറ്റിയുടെ കീഴിൽ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഒരു മാനേജിംഗ് കമ്മിറ്റിയെയും ഓരോ സ്കൂളിന്റെയും പ്രവർത്തനം നിരീക്ഷിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുന്നതിനും സ്ഥലം എം.എൽ.എ. ചെയർമാനായി ഉപദേശക സമിതികളും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂളുകളുടെ സുഗമമായ പ്രവർത്തനത്തിന് സ്കൂൾ തലവൻമാർ, മാനേജർ, സൂപ്രണ്ട് എന്നിവരുടെ സാമ്പത്തിക അധികാരം വർദ്ധിപ്പിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. പഠന നിലവാരം മെച്ചപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള മറ്റ് നടപടികളെക്കുറിച്ചുള്ള വിശദവിവരം അനുബന്ധം-2-ൽ ചേർത്തിട്ടുണ്ട്.*

(ബി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ അടുത്ത അദ്ധ്യയന വർഷം കാസർഗോഡ് മഞ്ചേശ്വരം (കന്നട മീഡിയം), കണ്ണൂരിലെ പെരിങ്ങോം എന്നിവിടങ്ങളിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 23 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്ട്സ് സ്കൂളിലും സ്മാർട്ട് ക്ലാസ് റും ആരംഭിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാരിന്റെ കാലത്ത് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അന്തേവാസികൾക്ക് മെസ് ചാർജ്ജ് ഉൾപ്പെടെയുള്ള അലവൻസുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു :

	ക്ലാസ്	തുക
മെസ് ചാർജ്	5–10	1,300
	11–12	1,600
യൂണിഫോം അലവൻസ്	1–7	1,500
	8–12	2,000
വാഷിംഗ് അലവൻസ്	1–10	90
	11–12	100
സോപ്പ്, എണ്ണ	1–10	50
	11–12	75
ടൗവ്വൽ, കണ്ണാടി, ചീപ്പ്	1–10	70
	11–12	100
മെഡിക്കൽ അലവൻസ് (പ്രതിമാസം ഒരു കുട്ടിക്ക്)		50
(ബുക്ക് സ്റ്റേഷനറി (പ്രതിവർഷം)	1–7	350
	8	500
	9	700
	10	900
മുടി വെട്ടിക്കുന്നതിന് (പ്രതിമാസം ഒരു കുട്ടിക്ക്).		15
സ്പോർട്ട്സ് ഉപകരണങ്ങൾ (പ്രതിവർഷം)	ഹൈസ്കൂൾ വരെ	3000
	11–12	6000

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യൂണിഫോം അലവൻസ് പ്രതിവർഷം 3,000 രൂപയാക്കാനും, ബുക്കുകളും, സ്റ്റേഷനറികളും വാങ്ങാനുള്ള അലവൻസ് 50 ശതമാനവും, മറ്റ് അലവൻസുകൾ 50 ശതമാനവും വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഓണം, ക്രിസ്തുമസ്, മധ്യവേനൽ അവധിക്ക് വീട്ടിൽ പോയി വരുന്നതിന് കുട്ടികൾക്കും രക്ഷിതാക്കൾക്കും യാത്രാബത്തയായി 2-ാം ക്ലാസ് ട്രയിൻ ചാർജ്ജ്/യഥാർത്ഥ ബസ് ചാർജ്ജ് നൽകിവരുന്നു. ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്ട്സ് സ്കൂളിലെ വിദ്യാർത്ഥികൾക്ക് സ്പോർട്ട്സ് യൂണിഫോം, സ്കൂൾ യൂണിഫോം, ഹോസ്റ്റൽ ഡ്രസ്, പോക്കറ്റ് മണി (70-രൂപ), മെസ് ചാർജ്ജ് എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. ആയതിൽ പ്രതിദിന മെസ് ചാർജ്ജ് 40 രൂപയിൽ നിന്നും 75 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ദൈനംദിന കായിക പരിശീലനത്തിനുള്ള സ്പോർട്ട്സ് യൂണിഫോം ഒരു ജോഡിയിൽ നിന്നും 3 ജോഡിയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കായിക മേഖലയിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പ് ക്യാഷ് അവാർഡുകൾ, മെഡലുകൾ എന്നിവ നൽകി അനുമോദിക്കാറുമുണ്ട്.

(ഇ) സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് ഹൈസ്കൂൾ ക്ലാസ് വരെ 3,000-രൂപയും 11-12 ക്ലാസ്സുകളിൽ 6,000-രൂപയും നൽകി വരുന്നു. ഇത് 10,000 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പത്രങ്ങളും ആനുകാലികങ്ങളും വാങ്ങുന്നതിന് 1,500 രൂപ വീതം നൽകുന്നതാണ്. ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്ട്സ് സ്കൂളിൽ പ്രമുഖ ദിന പത്രങ്ങളും പ്രസിദ്ധീകരണങ്ങളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. സ്പോർട്ട്സ് സ്കൂളിൽ വിദ്യാർത്ഥികളുടെ പരിശീലനത്തിന് ആവശ്യമായ സ്പോർട്ട്സ് ഉപകരണങ്ങൾ നൽകി വരുന്നുണ്ട്. ടി ഇനത്തിൽ മതിയായ ധനസഹായം നൽകിവരുന്നുണ്ട്.

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, സമൂഹത്തിലെ ഏറ്റവും താഴേത്തട്ടിൽ കിടക്കുന്ന കുട്ടികളുടെ ജീവിതത്തിൽ വലിയ മാറ്റവും ഒരു പുതിയ വെളിച്ചവും അങ്ങ് കൊണ്ടുവന്നിട്ടുണ്ട്. പക്ഷേ മുപ്പതിലധം വർഷത്തോളം നിങ്ങൾ അടിമകളാണെന്ന് പറഞ്ഞ് പഠിപ്പിച്ച ആ സമൂഹത്തിലെ കുട്ടികൾക്ക് ഇന്നും ഞാൻ അടിമയാണ് എന്നൊരു തോന്നലാണുള്ളത്. ആ അടിമത്തത്തിൽ നിന്നും മോചനം വേണമെങ്കിൽ ഞങ്ങൾ അടിമകളല്ല ഞങ്ങൾക്ക് എന്തും ചെയ്യാൻ പറ്റുമെന്ന മാനസികമായ ഒരു ചിന്തയുണ്ടാകണം. അങ്ങനെയൊരു സ്വപ്നം ഈ കുട്ടികൾക്ക് കൊടുക്കാൻ സാധിച്ചിട്ടുണ്ടോ ?

ശ്രീ. എ. കെ. ബാലൻ : സർ, ഇവിടെ പ്രധാനമായും വിദ്യാഭ്യാസ രംഗത്താണ് നാം ശ്രദ്ധിക്കേണ്ടത്. അഭൂതപൂർവ്വമായ മാറ്റമാണ് വിദ്യാഭ്യാസ രംഗത്ത് ഇപ്പോൾ നമ്മൾ കാണുന്നത്. മറ്റിതര വിഭാഗം വിദ്യാർത്ഥികളേക്കാൾ കൂടുതൽ വിജയ ശതമാനം ഈ കുട്ടികൾക്ക് പല സ്കൂളുകളിലും വാങ്ങാൻ കഴിയുന്നുവെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഗവൺമെന്റ് നേരിട്ട് നടത്തുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽ 100 ശതമാനമാണ് വിജയം. അവരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുവേണ്ടി, അവർക്ക് പശ്ചാത്തല

സൗകര്യങ്ങളും സാമ്പത്തിക ആനുകൂല്യങ്ങളും കൊടുക്കുന്നു. ഇപ്പോൾ ഒരു പരാതിയുമില്ല. കൊടുത്ത കാശ് ഉപയോഗിക്കുകയാണ്. അതുകൊണ്ട് ഒരു വമ്പിച്ച കാളിറ്റേറ്റീവ് ചെയ്ഞ്ച് അവരുടെ മാനസികമായ ബോധ തലത്തിൽ വരികയാണ്. അവരുടെ കലാ-കായിക രംഗത്തും നല്ല പ്രോത്സാഹനമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, അങ്ങ് തുടങ്ങിവച്ചിരിക്കുന്ന ഈ മാറ്റങ്ങളുടെയൊക്കെ റിസൾട്ട് കാണാൻ കുറച്ച് വർഷങ്ങളെടുക്കുമായിരിക്കും. ഒരു നാലഞ്ച് വർഷം കഴിയുമ്പോൾ ഈ സ്കൂളുകളിൽ പഠിച്ച കുട്ടികൾ ഐ.എ.എസ്.-കാരും ഐ.പി.എസ്.-കാരും വലിയ ഡോക്ടർമാരും എഞ്ചിനീയർമാരും ഐ.ഐ.ടി.-കളിലും ഐ.ഐ.എം.-ലും ഒക്കെ അഡ്മിഷൻ കിട്ടുന്നവരുമാകുമെന്ന് എനിക്ക് പ്രതീക്ഷിക്കാമോ ?

ശ്രീ. എ. കെ. ബാലൻ : സർ, വല്ലാത്ത രൂപത്തിലുള്ള വളർച്ചയെന്നു പറയുന്നത് ഐ.എ.എസ്.-കാരനാകുക, ഡോക്ടറാകുക, എഞ്ചിനീയറാകുക എന്നുള്ളതല്ല. നമ്മുടെ നാട്ടിൽ പ്യൂൺ വേണം, സ്കാവഞ്ചേഴ്സ് വേണം, അദ്ധ്യാപകർ വേണം, തെങ്ങിൽ കയറാൻ ആളുവേണം, ഓട്ടോറിക്ഷാ ഓടിക്കാൻ ആളുവേണം. ഇതൊന്നുമില്ലെങ്കിൽ സമൂഹം ഉണ്ടാവില്ലായിരുന്നു അതുകൊണ്ട് കുറച്ച് ഐ.എ.എസ്.-കാരെയും കുറച്ച് ഡോക്ടർമാരെയും കുറച്ച് വക്കീലൻമാരെയും എഞ്ചിനീയർമാരെയും സൃഷ്ടിക്കുകയെന്നുള്ളതല്ല വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന് വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട് നല്ല ബോധ്യമുള്ള അങ്ങ് മനസ്സിലാക്കിയിട്ടുണ്ടാകുമെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. വി. ശിവൻകുട്ടി : സർ, കേരളത്തിലെ എല്ലാ ആദിവാസികളുടേയും വീടുകളിൽ അങ്ങ് സന്ദർശിക്കുകയും അവരോടൊപ്പം കഴിയുകയും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും ആ പ്രശ്നങ്ങൾക്ക് അപ്പോൾത്തന്നെ പരിഹാരം കാണുന്നതിനുവേണ്ടി ഉത്തരവ് നൽകുകയും ചെയ്ത ഇൻഡ്യയിലെ ആദ്യത്തെ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമന്ത്രി അങ്ങ് ആയിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. എന്റെ ചോദ്യം, വെള്ളായണി അയ്യങ്കാളി സ്പോർട്സ് സ്കൂളിൽ ഈ വർഷം സർക്കാർ എന്ത് കാര്യങ്ങൾ നടപ്പാക്കിയെന്ന കാര്യം വ്യക്തമാക്കാമോ ; മോഡൽ റെസിഡൻഷ്യൽ സ്കൂളിന്റെ കാര്യം അങ്ങ് പറഞ്ഞു. വെള്ളയമ്പലത്തുള്ള മോഡൽ ഹോസ്റ്റലിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, പുറത്തുള്ള ആൾക്കാർ വന്ന് അവിടെ താമസിച്ച് അവിടെയുള്ള കുട്ടികളുടെ പഠിത്തത്തേയും മറ്റ് കാര്യങ്ങളേയും ഡിസ്റ്റർബ് ചെയ്യുകയാണ്. യഥാർത്ഥത്തിൽ അവിടെ താമസിക്കേണ്ട ആൾക്കാർ മാത്രം അവിടെ താമസിക്കുന്നതിനുവേണ്ടിയുള്ള നിയമങ്ങളും സൗകര്യങ്ങളുമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ ?

ശ്രീ. എ. കെ. ബാലൻ : സർ, വെള്ളയമ്പലത്തുള്ളത് യഥാർത്ഥത്തിൽ ഒരു മോഡൽ ഹോസ്റ്റലാണ്. ഇൻഡ്യയ്ക്ക് ഒരു മാതൃകയാണ്. എന്നാൽ ആ സൗകര്യങ്ങളെല്ലാം മറ്റ് തരത്തിൽ ഉപയോഗപ്പെടുത്തുന്ന രൂപത്തിലുള്ള ചില പ്രവണതകൾ അവിടെയുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. അത് പരിഹരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനാണ് ബഹുമാനപ്പെട്ട എം.എൽ.എ. രക്ഷാധികാരിയായിട്ടുള്ള ഹോസ്റ്റൽ അഡ്വൈസറി കമ്മിറ്റികളെ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. എം.എൽ.എ. തന്നെ നന്നായി അതിൽ ശ്രദ്ധിച്ചിട്ടുണ്ട്. അയ്യങ്കാളി മെമ്മോറിയൽ സ്പോർട്ട്സ് സ്കൂളിന്റെ വികസന പ്രവർത്തനത്തിന് ഒന്നേമുക്കാൽ കോടി രൂപയാണ് കൊടുത്തത്. ഈ സ്കൂളിലേക്ക് കൊടുത്തിട്ടുള്ള കാര്യങ്ങളൊക്കെ അനുബന്ധമായി പറഞ്ഞിട്ടുണ്ട്.*

ശ്രീ. ടി. പി. കുഞ്ഞുണ്ണി : സർ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ മൂന്നു വർഷത്തിലൊരിക്കൽ കാലോചിതമായി പരിഷ്കരിക്കണമെന്ന വ്യവസ്ഥയുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങയുടെ കാലത്ത് ഇത് പ്രാവർത്തികമാക്കിയതിൽ സന്തോഷമുണ്ട്. എന്റെ ചോദ്യം മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിജയം നൂറ് ശതമാനമാണ്. എന്നാൽ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരാജയപ്പെടുന്നവരുടെ ലിസ്റ്റ് പരിശോധിച്ചാൽ അതിലേറെയും പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളായിരിക്കും. ഇതിൽ നിന്നും മനസ്സിലാകുന്നത് പ്രത്യേക പഠനസൗകര്യങ്ങളും ജീവിത സാഹചര്യങ്ങളും ഒരുക്കിക്കൊടുത്താൽ ഈ കുട്ടികൾ നല്ല നിലയ്ക്ക് പഠിച്ച് മുന്നോട്ടു പോകുമെന്നാണ്. ഈ സാഹചര്യത്തിൽ ഈ വസ്തുത കണക്കിലെടുത്തു കൊണ്ട് കൂടുതൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. എ. കെ. ബാലൻ : സർ, പട്ടികജാതി/പട്ടിവർഗ്ഗ സമൂഹത്തിൽ നിന്ന് ഏതാണ്ട് പതിനായിരത്തോളം കുട്ടികൾ 245 ഹോസ്റ്റലുകളിലാണ് ഇപ്പോൾ താമസിച്ചു പഠിക്കുന്നത്. അവരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും അവരുടെ മാനസികവും ശാരീരികവുമായിട്ടുള്ള വളർച്ചയ്ക്കും അടിസ്ഥാനമായ പശ്ചാത്തല സൗകര്യങ്ങൾ ഈ ഹോസ്റ്റലുകളിൽ ഒരുക്കുകയാണ്. കൂടുതൽ ഹോസ്റ്റലുകൾ ആവശ്യമായി വരും. അത് ഗവൺമെന്റ് പരിഹരിക്കുന്നതായിരിക്കും.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : സർ, നാളത്തെ സമൂഹം അങ്ങയെ ഒരു മോഡലായി കാണുമെന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. എം.ആർ.എസ്.-കളുടെ നിർമ്മാണ പ്രവർത്തനത്തിന് ഈ വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട്. ഈ തുക ലാപ്സാകാതെ വിനിയോഗിക്കാൻ കഴിയുമോ ?

ശ്രീ. എ. കെ. ബാലൻ : സർ, കഴിഞ്ഞവർഷം തുടങ്ങിയിട്ടുള്ള രണ്ട് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഒന്ന് ബഹുമാനപ്പെട്ട സ്പീക്കറുടെ മണ്ഡലത്തിലും ഒന്ന് എന്റെ മണ്ഡലത്തിലുമാണ്. രണ്ടെണ്ണത്തിന് ഇപ്പോൾ പ്രൊപ്പോസലുണ്ട്. ആവശ്യമുള്ളിടത്തൊക്കെ കൊടുത്തിട്ടുണ്ട്. അതിന് 38 കോടി എൺപത് ലക്ഷം രൂപ ഇപ്പോൾ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. എവിടെയെങ്കിലും എം.ആർ.എസ്. കൂടുതൽ വേണമെങ്കിൽ അതിന് ബുദ്ധിമുട്ടില്ല. അത് പരിഗണിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അനിൽ കുമാർ : സർ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ച കാലംമുതൽതന്നെ ഏറ്റവും നല്ല രീതിയിലുള്ള സൗകര്യങ്ങളും അതോടൊപ്പംതന്നെ ആ സൗകര്യങ്ങൾക്ക് അനുസൃതമായി വിജയ ശതമാനം കൂടുന്ന സാഹചര്യവുമൊക്കെ ഉണ്ടായിട്ടുണ്ട്. ഈ മേഖലയിൽ പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള സ്കൂളുകളിൽ നിന്ന് വ്യത്യസ്തമായാണ് പട്ടികവർഗ്ഗ വകുപ്പിന് കീഴിലുള്ള വിദ്യാലയങ്ങൾ വരുന്നത്. അവിടെയുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കൂടിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യം കഴിഞ്ഞ കാലത്തുണ്ടായിരുന്നു. വരുന്ന കുട്ടികൾ പൂർണ്ണമായും നിൽക്കാതെ വീണ്ടും അവരുടെ വീടുകളിലേക്ക് തിരിച്ചുപോകുന്ന സാഹചര്യമായിരുന്നു. അതുകൊണ്ട് പട്ടികവർഗ്ഗ വകുപ്പിന് കീഴിലുള്ള റസിഡൻഷ്യൽ സ്കൂളുകളുടെ കാര്യത്തിൽ നിലവിലുള്ളതിനേക്കാൾ കൂടുതലായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിക്കുമോ ?

ശ്രീ. എ. കെ. ബാലൻ : സർ, പട്ടികജാതിക്കാരെക്കാൾ പട്ടികവർഗ്ഗക്കാർക്ക് വിദ്യാഭ്യാസ നിലവാരം കുറവാണെന്ന് പറയുന്നത് ശരിയല്ല. കണക്കുകൾ നോക്കുമ്പോൾ ഹയർ സെക്കണ്ടറിക്ക് പാസ്സാകുന്ന എസ്സി. വിദ്യാർത്ഥികളേക്കാൾ കൂടുതൽ എസ്ടി. വിദ്യാർത്ഥികളാണെന്ന് കാണാൻ കഴിയും. ഈ പറഞ്ഞ കാര്യം പരിശോധിക്കാം.

ശ്രീ. ബി. ഡി. ദേവസ്സി : സർ, ബഹുമാനപ്പെട്ട സ്പീക്കർ വകുപ്പു മന്ത്രിയായിരുന്ന കാലത്ത് ആരംഭിച്ചതാണ് ചാലക്കുടിയിലെ എം.ആർ.എസ്. അങ്ങ് മന്ത്രിയായ ശേഷം അവിടുത്ത അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. പ്ലസ് ടു അനുവദിച്ചു. മാതൃകാപരമായി പ്രവർത്തിക്കുന്ന ഒരു എം.ആർ.എസ്. ആണ് അത് എന്നാൽ അവിടെ കുട്ടികൾക്ക് കളിക്കാൻ സ്ഥലമില്ല. എം.ആർ.എസ്.-നു വേണ്ടി എടുത്ത ആലുവ സെറ്റിൽമെന്റ് കോളനിയുടെ സ്ഥലം ബാക്കി അവിടെ കിടക്കുകയാണ്. ആ സ്ഥലം കളിസ്ഥലത്തിനായി നൽകുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായി നടപടി സ്വീകരിക്കുമോ ?

ശ്രീ. എ. കെ. ബാലൻ : സർ, ചാലക്കുടി എം.ആർ.എസ്. ബഹുമാനപ്പെട്ട സ്പീക്കർ മന്ത്രിയായിരിക്കുന്ന സമയത്ത് ആരംഭിച്ചതാണ്. അതൊരു മോഡലാണ്. ആ കുട്ടികൾക്ക് ആവശ്യമായ പച്ചക്കറി സാധനങ്ങളും അതുപോലെ ആയുർവേദ മരുന്നുകളും അവിടെനിന്നുതന്നെ ഉണ്ടാക്കുകയാണ്. അവിടെ പോയിക്കഴിഞ്ഞാൽ ഒരു ശാന്തിനികേതൻ പോലെയാണ് തോന്നുക. വല്ലാത്ത ഒരു അന്തരീക്ഷമാണ് അവിടെ. ഇതിന്റെ പശ്ചാത്തല സൗകര്യ വികസനത്തിനു വേണ്ടി പണമാവശ്യപ്പെട്ടിട്ടുണ്ട്. ഈ സ്ഥലം റവന്യൂവിൽ നിന്ന് കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കും.

ശ്രീ. മോൻസ് ജോസഫ് : സർ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പോലെതന്നെ പ്രധാനപ്പെട്ടതാണ് ഇതോടൊപ്പം പ്രവർത്തിക്കുന്ന ഐ.ടി.സി.-കൾ ഇവയ്ക്ക് പ്രത്യേകമായ പരിഗണന നൽകി ഇതേപോലെ ഒരു നിലയിലേക്ക് മോഡൽ ഐ.ടി.സി.-കളെക്കൂടി ഉയർത്തണം. അവിടെ ഇപ്പോൾ കുട്ടികൾ വേണ്ടത്ര പഠിക്കാൻ കടന്നുവരാത്തത് അടിസ്ഥാന സൗകര്യമില്ലാത്തതുകൊണ്ടാണ്.

കടുത്തുരുത്തിയിൽത്തന്നെ ഒരു മോഡൽ ഐ.ടി.സി. ഉണ്ട്. ഐ.ടി.സി.-കളുടെ കാര്യത്തിൽക്കൂടി ഇതുപോലെത്തന്നെ ഒരു പരിഗണന കൊടുത്ത് പ്രത്യേകമായ വളർച്ചയിലേക്ക് വരുത്തുന്നതിനുവേണ്ടിയും ആ സ്ഥാപനങ്ങൾ നിലനിൽക്കുന്നതിനു വേണ്ടിയുമുള്ള സൗകര്യങ്ങൾ ഗവൺമെന്റ് ഏർപ്പെടുത്തുമോ ?

ശ്രീ. എ. കെ. ബാലൻ : സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂന്ന് ഐ.റ്റി.സി.-കൾ പുതുതായി തുടങ്ങിയിട്ടുണ്ട്. എട്ട് ഐ.റ്റി.സി.-കളെ മോഡൽ ഐ.റ്റി.സി.-കൾ ആയി പ്രഖ്യാപിച്ചിട്ടുണ്ട്. പുതിയ ട്രേഡുകൾ തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ കൊടുത്തിട്ടുണ്ട്. 44 ഐറ്റിസി.-കളാണ് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ളത്. ഐ.റ്റി.സി.-കളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ബി. രാഘവൻ : സർ, എം.ആർ.എസ്. സ്കൂളുകളുടെ അദ്ധ്യാപന നിലവാരം മെച്ചപ്പെട്ടുവരുന്നത് പൊതുവേ നമുക്ക് അഭിമാനിക്കാൻ കഴിയുന്ന ഒന്നുതന്നെയാണ്. സ്കൂൾ അദ്ധ്യാപകർ ആ സ്കൂൾ പരിസരത്തുതന്നെ താമസിക്കണമെന്നാണ് ഇപ്പോഴത്തെ വ്യവസ്ഥ. പക്ഷേ ആവശ്യത്തിന് ക്വാർട്ടേഴ്സുകളും മറ്റും ഇല്ലാത്തതുകൊണ്ട് അതിന് കഴിയുന്നില്ല. ഇതാണ് ഒന്നാമത്തെ കാര്യം. രണ്ടാമത് അവിടെ സ്ഥിരം അദ്ധ്യാപകരില്ലായെന്നതാണ്. പലരേയും ഗസ്റ്റ് അദ്ധ്യാപകരായി എടുക്കുകയാണ്. അവർ മറ്റ് നിയമനങ്ങൾ കിട്ടുമ്പോൾ മടങ്ങിപ്പോകുകയാണ്. അതുകൊണ്ട് ഇന്നുള്ള ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും കുറേക്കൂടി കേരളത്തിന് അഭിമാനിക്കത്തക്കതരത്തിൽ, ഗസ്റ്റ് അദ്ധ്യാപകരെ ഒഴിവാക്കി, സ്ഥിരം അദ്ധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എ. കെ. ബാലൻ : സർ, സ്ഥിരം അദ്ധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു ഷെഡ്യൂൾഡ് കാസ്റ്റിനേക്കാളും വിദ്യാഭ്യാസം ഷെഡ്യൂൾഡ് ട്രൈബിനാണ് എന്ന്. പല കമ്മീഷനും പ്രത്യേകിച്ച് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽത്തന്നെ പറഞ്ഞു ഈ ട്രൈബ്സിന് പ്രിസ്ക്രൈബ്ഡ് ക്വാളിഫിക്കേഷനില്ലാത്തതു കൊണ്ട് ധാരാളം വേക്കൻസികൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് . ഇപ്പോഴും അതാണ് സ്ഥിതി. അപ്പോൾ ഒരു കാര്യം വളരെ ക്ലിയറാണ്. ജോലിക്ക് ക്വാളിഫിക്കേഷൻ പലതിനും വച്ചതുകൊണ്ട് ആളെ കിട്ടാത്ത സാഹചര്യമാണ് നിലവിലുള്ളത്. അത് കണക്കിലെടുത്ത് അതിന് പ്രത്യേകമായ വല്ല ഏർപ്പാടും ചെയ്യാൻ സർക്കാർ നടപടി സ്വീകരിക്കുന്നുണ്ടോ ?

ശ്രീ. എ. കെ. ബാലൻ : സർ, ശരിയാണ്. ഞാൻ ഗ്രാജ്വൽ ആയി അവരുടെ വിജയശതമാനം വർദ്ധിക്കുന്നുവെന്നാണ് പറഞ്ഞിട്ടുള്ളത്. ഇവിടെ ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത് വളരെ ശരിയാണ്. എൻട്രൻസ് പരീക്ഷയ്ക്ക് 40 ശതമാനം മിനിമം റിക്വയേർഡ് മാർക്കാണ്. 40 ശതമാനം മാർക്ക് ഈ കുട്ടികൾക്ക് കിട്ടാത്തതുകൊണ്ട് എം.ബി.ബി.എസ്.-ന് സീറ്റ് കിട്ടുന്നില്ല. ഇക്കാര്യം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടേയും കേന്ദ്രഗവൺമെന്റിന്റെയും

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടായിരുന്നു. കഴിഞ്ഞ 3 വർഷം ഞങ്ങൾ വല്ലാതെ സർക്കസ് കളിച്ചിട്ടും നിയമവിരുദ്ധമായ സമീപനം സ്വീകരിച്ചിട്ടുമാണ് കുട്ടികൾക്ക് ആനുകൂല്യം കൊടുത്തിട്ടുള്ളത്. പക്ഷേ സുപ്രീം കോടതി അവസാനം അത് റെക്ടിഫൈ ചെയ്തു. മേലിൽ ഇത് ആവർത്തിക്കാൻ പാടില്ല. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ റെഗുലേഷൻ ഭേദഗതി ചെയ്തതിനുശേഷം മാത്രമേ നിങ്ങൾ ഇനി ഈ രൂപത്തിൽ മുന്നോട്ടുപോകാൻ പാടുള്ളുവെന്ന് പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ നമുക്ക് മതിയായ സീറ്റ് കൊടുക്കണമെങ്കിൽ .....(തടസ്സം)..... നിർബന്ധമായും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ഇതിന്റെ റെഗുലേഷൻ മാറ്റി 40 ശതമാനം മാർക്ക് എന്നുള്ളതിൽ റിലാക്സേഷൻ വരുത്തിയേ പറ്റൂ. ഇവർക്ക് നല്ല കോച്ചിംഗ് കൊടുക്കണം. അതിനാവശ്യമായ നടപടി ഇപ്പോൾ സ്വീകരിച്ചു വരികയാണ്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : സർ, നമ്മുടെ സംസ്ഥാനത്ത് ഏക തമിഴ് മോഡൽ റസിഡൻഷ്യൽ സ്കൂൾ പീരുമേട്ടിലാണ് സ്ഥിതി ചെയ്യുന്നത്. എന്നാൽ അവിടെ അഡ്മിഷൻ ആഗ്രഹിക്കുന്ന മുഴുവൻ കുട്ടികൾക്കും കൊടുക്കാൻ കഴിയാത്തൊരു സാഹചര്യമുണ്ട്. തമിഴ് മോഡൽ റസിഡൻഷ്യൽ സ്കൂളിലെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, പരിശോധിക്കാം.

<u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : സർ, അങ്ങ് മന്ത്രിയായിരുന്നപ്പോഴാണ് എം.ആർ.എസ്.-നെ ഈ നിലയിൽ കൊണ്ടുവന്നത്. അതിന് അങ്ങയെ അഭിനന്ദിക്കുന്നു. കൽപ്പറ്റയിലെ വൈത്തിരിയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ ദയനീയാവസ്ഥയിലാണെന്ന കാര്യം ഞാൻ ഈ സഭയിൽ നിരവധി തവണ പറഞ്ഞിട്ടുണ്ട്. എം.എൽ.എ. ഫണ്ടിൽ നിന്ന് 26 ലക്ഷം രൂപ നൽകിയതുകൊണ്ടാണ് അവിടെ കുറച്ചെങ്കിലും സൗകര്യമൊരുക്കാൻ സാധിച്ചത്. അവിടെ തൊട്ടടുത്ത് 10 ഏക്കർ സ്ഥലമുണ്ടെങ്കിലും ഇനിയും നിർമ്മാണ പ്രവർത്തനം തുടങ്ങാനായി സാധിച്ചിട്ടില്ല. വൈത്തിരി മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ പുതിയ കെട്ടിടനിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, വൈത്തിരി മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ കെട്ടിടനിർമ്മാണത്തിനുള്ള നടപടി സ്വീകരിച്ചു. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ തന്നെ നല്ലൊരു സംഭാവന ഇതിന് കിട്ടിയിട്ടുണ്ട്. കെട്ടിടത്തിന്റെ പണി സമയബന്ധിതമായി തീർക്കുന്നതിനുള്ള നടപടിയാണ് ഇപ്പോൾ എടുത്തുകൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly